204/20

27 FEB 2020

കൊച്ചി മെട്രോ പദ്ധതിയുടെ ഇടപ്പിള്ളി മെട്രോ സ്റ്റേഷൻ(ഇട നാഴി) നിർമ്മാണത്തിനായി എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം സാമൂഹ്യപ്രത്യാഘാതപഠനം നടത്തുന്നതിനായി എറണാകുളം ജില്ലാ കളക്ടറുടെ 27.09.2019 തിയതിയിലെ സി 11 -1302/16 നമ്പർ വിജ്ഞാ പനം മുഖേന കേരള വോളണ്ടറി ഹെൽത്ത് സർവ്വീസ് സർവ്വീസ് കോട്ടയം തിരഞ്ഞെടുത്തിട്ടുള്ളതും, എൽ.എ.ആർ.ആർ ആക്ട് ചട്ടം 11 (3) പ്രകാരമുള്ള 4(1) നോട്ടിഫിക്കേഷൻ 29.10.2019 തിയതിയിലെ 2598 നമ്പർ ഉത്തരവ് പ്രകാരം അസാധാരണഗസറ്റിൽ പ്രസിദ്ധപ്പെടു ത്തിയിട്ടുമുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ അന്തി മറിപ്പോർട്ട് കേരള വോളണ്ടറി ഹെൽത്ത് സർവ്വീസ് രണ്ടുമാസത്തി നുള്ളിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ടുകൾ വിലയിരുത്തി സെക്ഷൻ 7 പ്രകാരം തയ്യാ റാക്കിയ വിദഗ്ധസമിതി റിപ്പോർട്ട്

കൊച്ചി മെട്രോ നിർമ്മാണത്തോടനുബന്ധിച്ച് ഇടപ്പിള്ളി മെട്രോ സ്റ്റേഷൻ(ഇടനാഴി) നിർമ്മാണത്തിനായി ഇടപ്പിള്ളി നോർത്ത് വില്ലേ ജിൽ ബ്ലോക്ക് നമ്പർ 276 സർവ്വേനമ്പർ 1,2,4,7,8, എന്നിവയിൽനിന്നും ആകെ 3 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി ആർ.എഫ്.സി.റ്റി.എൽ.എ. ആർ.ആർ ആക്ട് 2013 പ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ.എ നമ്പർ 1 ലാന്റ് അക്വസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്. മേൽപറഞ്ഞിട്ടുള്ള ഇടപ്പിള്ളി സ്റ്റേഷന്റെ വിദഗ്ദ്ധസമിതിയോഗം, വിദഗ്ദ്ധ സമിതി ചെയർപേഴ്സന്റെ നേതൃത്വത്തിൽ 29.1.2020 തീയ്യ തിയിൽ നടത്തിയിട്ടുള്ളതാണ്. വിദഗ്ദ്ധ സമിതി ചുവടെ ചേർക്കുന്ന അഭിപ്രായങ്ങളിൽ എത്തിച്ചേർന്നിട്ടുള്ളതുമാണ്.

പ്രസ്തുതപദ്ധതിയുടെഭാഗമായി സ്ഥലം ഏറ്റെടുക്കുന്നതുമൂലം ഇടപ്പിള്ളി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻസാധിക്കുമെന്നും ടി സ്ഥലത്തിനു പകരമായി മറ്റൊരുസ്ഥലം ലഭ്യമല്ല എന്നും പ്രസ്തുതസ്ഥലം മെട്രോ പദ്ധതിയ്ക്ക് അനിവാര്യമാണെന്നും വിദഗ്ദ്ധസമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. കൂടാതെ ബിൽഡിംഗ് ആക്ട് പ്രകാരംനിലവിൽ ഏറ്റെടുക്കാൻ ഉദ്ദേശിച്ച സ്ഥലത്ത് മറ്റൊരു തരത്തിലും നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമാവില്ല എന്ന് വിദഗ്ദ്ധസമിതി അഭിപ്രായപ്പെട്ടു.പ്രസ്തുതപദ്ധതിക്ക് (ഇടനാഴി) സ്ഥലം എടുക്കുന്നതുമൂലം നടപ്പാതയ്ക്ക് വീതി കൂടുകയും ആയതിനാൽ ഭൂമി ഉടമയുടെ വ്യാപാരസ്ഥാപനത്തിൽ നിന്നുംപുറത്തേക്കു വരുന്ന വാഹനങ്ങളുടെ ഗതാഗതം എളുപ്പമാകുമെന്ന് വിദഗ്ദ്ധ സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുതപദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകാവുന്ന സാമൂഹ്യചെലവുകളേയും, സാമൂഹ്യ പ്രത്യാഘാതങ്ങളേയും അപേക്ഷിച്ച് വളരെ വലുതാണെന്നും, ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിരുന്ന ഭൂമിയുടെ അളവ് പ്രസ്തുത പദ്ധതിക്ക് ആവശ്യമായിട്ടുളളതാണെന്നും, കുറഞ്ഞ കുടിയൊഴിപ്പിക്കൽ സാധ്യതയുള്ള മറ്റ് സ്ഥലങ്ങൾ ലഭ്യമല്ല എന്നും വിദഗ്ധ സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

വിദഗ്ധ സമിതി ചെയർപേഴ്സണിന്റെ നേതൃത്വത്തിൽ നടത്തിയ വിദഗ്ദ്ധ സമിതി യോഗം മേൽപറഞ്ഞ വസ്തുതകൾ വിശദമായി സമിതി ചർച്ച ചെയ്തിട്ടുള്ളതും പ്രസ്തുത റിപ്പോർട്ടുകൾ യോഗം വിലയിരുത്തുകയും ഏകകണ്ഠേന അംഗീകരിക്കുകയും

ചെയ്തിട്ടുള്ളതാണ്. മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആർ.എഫ്.സി.റ്റി.എൽ .എ.ആർ.ആർ ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ബോധ്യപ്പെട്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

സവിത ഷേണായ്

വിദഗ്ധ സമിതി ചെയർ പേഴ്സൺ

കാക്കനാട്

27.02.2020